**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2458** | **24-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും തടഞ്ഞുവെക്കപ്പെട്ട ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ 2024 മേയ് മാസം വരെ, സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കാലാകാലങ്ങളായി ലഭിച്ചുവന്ന അർഹമായ എന്തെല്ലാം ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കപ്പെട്ടു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 25% വീതം നാലു ഗഡുക്കളായി ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ അടവാക്കുമെന്ന് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ രണ്ടു ഗഡുക്കൾ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ അടവാക്കുന്നത് 30.03.2023-ലെ സ.ഉ.(അ) നം.31/2023/(34)/ധന. ഉത്തരവ്, 10.10.2023 ലെ സ.ഉ.(കൈ) നം. 151/2023/(42)/ധന. ഉത്തരവ്, എന്നിവ പ്രകാരം നീട്ടി വച്ചിട്ടുണ്ട്.<br><br>കോവിഡ്-19 ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം **2020-21** മുതൽ നടപ്പ് സാമ്പത്തിക വർഷം **(2024-25)** വരെ ജീവനക്കാരുടെ ആർജ്ജിത അവധി വാർഷിക സറണ്ടർ അനുവദിക്കുന്നതിൽ സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽ നിന്നും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ (സബോർഡിനേറ്റ് സർവ്വീസിലെ ഓഫീസ് അറ്റൻഡന്റ്മാർ ഉൾപ്പെടെ), പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ ഉൾപ്പെടെയുള്ളവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്കും |

| | | | |
|---|---|---|---|
| | | | ഇ.പി.എഫ്. (എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം) ന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്കും ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ നിലവിൽ പണമായി അനുവദിക്കുന്നുണ്ട്. പി.എഫ്. അക്കൗണ്ട് ഉള്ള ജീവനക്കാർക്ക് ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പി.എഫ്. ൽ ലയിപ്പിക്കുവാനും അനുവാദമുണ്ട്. ഈ നിയന്ത്രണങ്ങൾ ഒന്നും തന്നെ ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിന് ബാധകമല്ല എന്നും വിവിധ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 16.03.2024 തീയതിയിലെ സ.ഉ.(പി) നം.23/2024/ധന പുറപ്പെടുവിച്ചിട്ടുമുണ്ട്.<br><br>പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി 2021 ആഗസ്റ്റ് മാസത്തിലും, നവംബർ മാസത്തിലും ലഭിക്കേണ്ടിയിരുന്ന പെൻഷൻ പരിഷ്കരണത്തിന്റെയും ക്ഷാമാശ്വാസത്തിന്റെയും മൂന്നും നാലും ഗഡുക്കൾ സാമ്പത്തിക പ്രയാസങ്ങൾ മൂലം യഥാക്രമം 2022-23 സാമ്പത്തിക വർഷത്തിലും, 2023-24 സാമ്പത്തിക വർഷത്തിലും വിതരണം ചെയ്യുവാൻ 02.12.2021 - ലെ സ.ഉ(അ)നം. 162/2021/ധന ഉത്തരവായി. തുടർന്ന്, 17.02.2023 - ലെ സ.ഉ(അ)നം.15/2023/ധന ഉത്തരവ് പ്രകാരം പ്രസ്തുത കുടിശ്ശികകൾ 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റി വയ്ക്കുകയാണ് ചെയ്തത്.<br><br>എന്നാൽ, 15.03.2024 - ലെ സ.ഉ(അ)നം.21/2024/ധന പ്രകാരം പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി ലഭിക്കേണ്ട മൂന്നാം ഗഡു അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക, ക്ഷാമബത്ത കുടിശ്ശിക, സമീപ കാലത്ത് അനുവദിച്ച 2% ഡി.എയുടെ കുടിശ്ശിക, പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു എന്നിങ്ങനെ എത്ര തുക അനുവദിക്കേണ്ടതുണ്ട്; | (ബി) | ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ ഏകദേശം **3924** കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>01/07/2019 തീയതി പ്രാബല്യത്തിൽ നടപ്പാക്കിയ പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു |

| | | | |
|---|---|---|---|
| | ഈ തുക എന്നത്തേക്ക് അനുവദിച്ച നൽകുവാൻ സാധിക്കുമെന്ന് അറിയിക്കുമോ; | | അനുവദിക്കുവാൻ ഏകദേശം **573 (അഞ്ഞൂറ്റി എഴുപത്തി മൂന്ന്)** കോടി രൂപ ആവശ്യമായിട്ടുണ്ട്.<br><br>സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച കൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | കൊറോണ രോഗ വ്യപനത്തിന്റെ ഭാഗമായി വന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പേരിൽ അർഹമായ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചുകൊണ്ട് സംസ്ഥാന സർക്കാർ ജീവനക്കാരെ അവഗണിക്കുന്നു എന്ന ആക്ഷേപം ശരിയാണോ; എങ്കിൽ പ്രസ്തുത അവഗണന അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ശരിയല്ല. സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും **11**-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന്റെ ഭാഗമായുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക നാല് ഗഡുക്കളായി നൽകണമെന്ന് **10-02-2021** ലെ സ.ഉ.(അച്ചടി)നം. **27/2021**/ധന ഉത്തരവിൽ പരാമർശിച്ചിരുന്നു. എന്നാൽ പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കോവിഡ് മഹാമാരി എന്നിവ ഏൽപ്പിച്ച പ്രത്യാഘാതങ്ങൾ, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം കാരണം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന **Branding/naming** മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തുന്നത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സർക്കാർ സമീപനം മുതലായ സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ഘടകങ്ങൾ സംസ്ഥാനത്തെ മുമ്പൊന്നും ഇല്ലാത്ത വിധം സാമ്പത്തിക ബുദ്ധിമുട്ടിലേക്ക് തള്ളിവിട്ടു. ഇക്കാരണങ്ങളാൽ ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ല.<br><br>കോവിഡ്-19 ന്റെ വ്യാപനവുമായി ബന്ധപെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം **2020-21** മുതൽ നടപ്പ് സാമ്പത്തിക വർഷം **(2024-25)** വരെ ജീവനക്കാരുടെ ആർജ്ജിത അവധി വാർഷിക സറണ്ടർ അനുവദിക്കുന്നതിൽ സർക്കാർ ചില |

| | | | |
|---|---|---|---|
| | | | നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽ നിന്നും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ (സബോർഡിനേറ്റ് സർവ്വീസിലെ ഓഫീസ് അറ്റൻഡന്റ്മാർ ഉൾപ്പെടെ), പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ഉൾപ്പെടെയുള്ളവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്കും ഇ.പി.എഫ്. (എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം) ന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്കും ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ നിലവിൽ പണമായി അനുവദിക്കുന്നുണ്ട്. പി.എഫ്. അക്കൗണ്ട് ഉള്ള ജീവനക്കാർക്ക് ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പി.എഫ്. ൽ ലയിപ്പിക്കുവാനും അനുവാദമുണ്ട്. ഈ നിയന്ത്രണങ്ങൾ ഒന്നും തന്നെ ആർജ്ജിത അവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിന് ബാധകമല്ല എന്നും വിവിധ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 16.03.2024 തീയതിയിലെ സ.ഉ.(പി) നം.23/2024/ധന പുറപ്പെടുവിച്ചിട്ടുമുണ്ട്. കൂടാതെ ടി പ്രതിസന്ധിക്കിടയിലും പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ മൂന്ന് ഗഡുകൾ അനുവദിച്ചിട്ടുള്ളതാണ്.<br><br>മേൽ പരാമർശിച്ച ആഘാതങ്ങളിൽ നിന്നും ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുള്ള ഊർജിത ശ്രമങ്ങളാണ് സർക്കാർ നടത്തികൊണ്ടിരിക്കുന്നത്.<br><br>ജീവനക്കാരുടെയും പെൻഷൻ കാരുടെയും വിവിധ കുടിശ്ശികകൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | സംസ്ഥാന സർക്കാരിന്റെ ധനമാനേജ്മെന്റിന്റെ പിടിപ്പുകേട് സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും, ക്ഷേമ പെൻഷൻകാരുടെയും ചുമലിൽ കെട്ടി വയ്ക്കുന്നു എന്ന ആക്ഷേപം ശരിയാണോയെന്നു വ്യക്തമാക്കാമോ? | (ഡി) | ശരിയല്ല. കേന്ദ്ര സർക്കാർ കൈക്കൊണ്ട നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി സംസ്ഥാനം ഗുരുതരമായ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിച്ച് വരുന്നത്. പ്രതികൂല സാഹചര്യത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് സർക്കാരിന്റെ മേൽ ദിശയിലുള്ള പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്. |

സെക്ഷൻ ഓഫീസർ